പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1605 18 .06.2012 - ലെ മറുപടിക്ക്

പി.എസ്.സി. പരീക്ഷയ്ക്ക് വെയിറ്റേജ് നൽകുന്ന സമ്പ്രദായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | ഇപ്പോൾ കഴിഞ്ഞ എൽ. ഡി. സി. അടക്കമുള്ള ഏതെങ്കിലും പി.എസ്.സി പരീക്ഷയ്ക്ക് വെയിറ്റേജ് നൽകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) | 28.02.2011 മുതൽ വിജ്ഞാപനം ചെയ്യുന്ന എല്ലാ ജില്ലാതല തെരഞ്ഞെടുപ്പുകൾക്കും (നേരിട്ടുള്ള നിയമനം), ക്ലാസ് / കാറ്റഗറി ഭേദമന്യേ അതാത് ജില്ലയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്, നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, KS&SSR - ലെ ചട്ടം 5 A പ്രകാരം, 5 മാർക്ക് വെയിറ്റേജായി അനുവദിക്കുന്നു. ഇപ്പോൾ കഴിഞ്ഞ എൽ.ഡി.സി. യുടെ വിജ്ഞാപനം 2010 -ലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | കോടതിയുടെ എന്തെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | വെയിറ്റേജ് മാർക്ക് നൽകുന്നതിനുള്ള വ്യവസ്ഥ (റൂൾ 5 A) റദ്ദാക്കി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ വിധി ന്യായത്തിനെതിരെ പബ്ലിക് സർവ്വീസ് കമ്മീഷൻ ഫയൽ ചെയ്ത അപ്പീൽ (W A. 618/12) കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | ജില്ലാതല പരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ ജില്ലകളിൽ പരീക്ഷ എഴുതുന്നത് തടയാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ? | (സി) | ജില്ലാതല തെരഞ്ഞെടുപ്പുകളിൽ ഒരേ തസ്തികയ്ക്ക് ഒന്നിൽ കൂടുതൽ ജില്ലയിൽ അപേക്ഷിക്കാൻ പാടില്ലായെന്ന് വിജ്ഞാപനത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി അപേക്ഷിക്കുന്നവർക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.. 01.01.2012 മുതൽ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖാന്തരമാണ് പി. എസ്. സി. അപേക്ഷ സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖാന്തരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു തസ്തികയ്ക്ക് ഒരേ വിജ്ഞാപന പ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ